# **<u>അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26</u>**

സെൻ്റ്മേരീസ് ഹൈസ്കൂൾ ഫോർ ഗേൾസ് പയ്യന്നൂർ

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26</u>

സെൻ്റ്മേരീസ് ഹൈസ്കൂൾ ഫോർ ഗേൾസ് പയ്യന്നൂർ

## ആമുഖം

" വിജയിക്കാൻ ഞാൻ എടുത്തിട്ടുള്ള തീരുമാനത്തിന് കരുത്ത് ഉണ്ടെങ്കിൽ പരാജയം ഒരിക്കലും എന്നെ പിന്തള്ളുകയില്ല." ഡോ. എ.പി ജെ അബ്ദുൾ കലാം

വിജയം എന്നത് യാദൃശ്ചികം അല്ല. അത് കഠിനാധ്വാനവും ,അറിവും ,ത്യാഗവും അതിലുപരി ചെയ്യുന്ന പ്രവൃത്തിയോടുള്ള സ്നേഹവുമാണ്. നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ഗുണാത്മകവും ഫലപ്രദവുമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് മുന്നേറുകയാണ്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ആരംഭിച്ചിരിക്കുന്ന ഈ അവസരത്തിൽ സെൻമേരിസ് ഹൈസ്കൂൾ ഫോർ ഗേൾസ് പയ്യന്നൂരും **2025 -26** അധ്യയന വർഷത്തിൽ വിദ്യാർത്ഥിനികളുടെ സമഗ്ര വികസനം എന്ന ലക്ഷ്യപ്രാപ്തി മുന്നിൽ കാണുകയാണ്.

ഒരു നാടിന്റെ സാംസ്കാരികതയെ വിളിച്ചോതുന്ന വൈജ്ഞാനിക കേന്ദ്രം എന്ന നിലയിൽ ഈ വിദ്യാലയം കാലങ്ങളായി ശിരസ്സ് ഉയർത്തി നിൽക്കുന്നു. അക്കാദമിക ദൈനംദിന പ്രവർത്തനങ്ങൾക്ക് ആധാരമായിട്ടുള്ള മാർഗ്ഗരേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. തികച്ചും ശിശു സൗഹാർദ്ദപരവും മൂല്യങ്ങൾ ഉൾക്കൊള്ളുന്നതും ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികൾ ഉൾക്കൊള്ളുന്നതും ആയ ഒരു രൂപരേഖയാണ് ഈ അധ്യയന വർഷത്തിൽ ഞങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്

**2025 -26** അധ്യായനവർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനുള്ള രൂപീകരണയോഗം **30 - 5 - 2025** ന് ഹെഡ്മിസ്ട്രസ് സിസ്റ്റർ റെജി ജോസഫിന്റെ നേതൃത്വത്തിൽ നടന്നു .ചർച്ചകൾക്കും അവലോകനത്തിനും വിലയിരുത്തലിനും ശേഷം വിഷയാടിസ്ഥാനത്തിൽ അധ്യാപകർ ഗ്രൂപ്പ് തിരിഞ്ഞ് ഈ വർഷത്തെ കരട് രേഖ തയ്യാറാക്കി. പൊതുവായ നിർദ്ദേശങ്ങൾക്കും ആശയ രൂപീകരണത്തിനും പൊതു ചര്ച്ചകൾക്കും വിലയിരുത്തലിനും ശേഷം മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുകയും ചെയ്തു.വിദ്യാർത്ഥിനികൾക്കും വിദ്യാലയത്തിനും സമൂഹത്തിനും ഭാവിയിൽ ഗുണകരമാകും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ എന്ന് നിസംശയം പറയാം

## അക്കാദമിക മാസ്റ്റർ പ്ലാൻ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ◇ മുന്നറിവ് പരിശോധിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തി ക്ലാസ് തല ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>◇ഔട്ട്ലൈൻ മാപ്പ് ഉപയോഗിച്ച് ഭൂഖണ്ഡങ്ങൾ, ഇന്ത്യൻ സംസ്ഥാനങ്ങൾ, ജില്ലകൾ എന്നിവ അടയാളപ്പെടുത്തി ഭൂമിശാസ്ത്ര അറിവുകൾ ഉറപ്പിക്കുന്നു.<br>◇എന്റെ നാട് ക്യാമറ കണ്ണിലൂടെ- സ്വന്തം ഗ്രാമത്തിന്റെ പ്രത്യേകതകൾ ഉൾപ്പെടുത്തി വീഡിയോ നിർമ്മിക്കുന്നു.<br>◇പാഠഭാഗവുമായി ബന്ധപ്പെട്ട് one word ചോദ്യങ്ങൾ അടങ്ങിയ പതിപ്പ് തയ്യാറാക്കാൻ ആരംഭിക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| കാലാവസ്ഥാപ്രതിഭാസങ്ങൾ മനസ്സിലാക്കുന്നതിന്, പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് മനുഷ്യ ജീവിതം ചിട്ടപ്പെടുത്തുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് | ◇വിവിധ കാലാവസ്ഥാപ്രതിഭാസങ്ങൾ വ്യക്തമാക്കുന്നതിനായി ക്ലാസ് മുറികളിൽ ന്യൂസ് റിപ്പോർട്ടിംഗ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>◇നാടൻ രുചികളിലേക്ക് ഒരു തിരിച്ചുപോക്ക് - നാടൻ ഭക്ഷ്യമേള സംഘടിപ്പിക്കുന്നു .<br>◇മനുഷ്യന്റെ പരിണാമ ചരിത്രം ചിത്രങ്ങളിലൂടെ- ആൽബം തയ്യാറാക്കൽ | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| ഇന്ത്യാ ചരിത്രത്തിലെ മഹത് വ്യക്തികളെ പരിചയപ്പെടുന്നതിനും മനസ്സിലാക്കുന്നതിനും | ◇ഇന്ത്യ ചരിത്രത്തിലെ മഹത് വ്യക്തികളെ പരിചയപ്പെടുത്തുന്നതിനായി പിക്ച്ചർ ആൽബം തയ്യാറാക്കുന്നു<br>. ◇സ്കൂൾതലത്തിൽ സ്വാതന്ത്ര്യസമര സേനാനികളുടെ ജീവചരിത്ര രചന, ക്വിസ് മത്സരം എന്നിവ | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| | സംഘടിപ്പിക്കുന്നു(HS) ◇കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനായി പ്ലക്കാർഡ് നിർമ്മിക്കുന്നു(UP) | | |
| നവോത്ഥാനം മാനവികത എന്നിവ മനസ്സിലാക്കുന്നതിന്<br><br>ഭൂമിശാസ്ത്ര സങ്കേതങ്ങൾ പരിചയപ്പെടുന്നതിന് | ◇നവോത്ഥാനത്തിന്റെ സവിശേഷതകളും മാനവികതയുടെ പ്രാധാന്യവും മനസ്സിലാക്കുന്നതിനായി പ്രശസ്ത ചരിത്രകാരന്മാർ, അവരുടെ സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്തുന്ന ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു (HS)<br>◇വിവിധതരം തുണിത്തരങ്ങൾ ശേഖരിച്ച് അവ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. (UP)<br>◇ ഭൂപട പരിചയം - ലോകം, ഇന്ത്യ, കേരളം എന്നീ ഭൂപടങ്ങളിൽ ജില്ല, സംസ്ഥാനങ്ങൾ, രാജ്യങ്ങൾ, വൻകരകൾ എന്നിവ അടയാളപ്പെടുത്തി തിരിച്ചറിയുന്നു. | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| സാമ്പത്തിക പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന്<br><br>കുടുംബ ബജറ്റ് തയാറാക്കുന്നത്തിലൂടെ സാമ്പത്തിക ഭദ്രത എങ്ങനെ ഉറപ്പാക്കാം എന്ന് തിരിച്ചറിയുന്നതിന് | ◇സാമ്പത്തിക മേഖലയുടെ സവിശേഷതകൾ, പണപ്പെരുപ്പം, വിലക്കയറ്റം എന്നീ ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനായി പത്രവാർത്ത ശേഖരണം(HS)<br>◇ ബജറ്റ് തയ്യാറാക്കൽ- കുടുംബത്തിന്റെ വരവ് ചെലവ് കണക്കുകളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി കുടുംബ ബജറ്റ് തയ്യാറാക്കി അവലോകനം ചെയ്യുന്നു. (UP) | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| ഗതാഗത നിയമങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന്<br><br>മാനവ വിഭവ ശേഷി വികസനവുമായി ബന്ധപ്പെട്ട ആശയങ്ങൾ | ◇ മാനവ വിഭവ ശേഷിയുടെ കാര്യക്ഷമമായ ഉപയോഗം, തൊഴിലില്ലായ്മയുടെ കാരണങ്ങൾ, ഫലങ്ങൾ എന്നിവയും ഇത്തരം വെല്ലുവിളികളെ അതിജീവിച്ച് മുന്നേറിയ വ്യക്തിത്വങ്ങൾ എന്നിവ ഉൾപ്പെടുത്തി അസൈൻമെന്റ് തയ്യാറാക്കുന്നു(HS) ◇ ഗതാഗത | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| വളർത്തുന്നതിന് | വാർത്താവിനിമയ രംഗത്തെ വളർച്ചയുടെ ചരിത്രം സൂചിപ്പിക്കുന്ന വീഡിയോ പ്രദർശനം (UP)<br>◇ റോഡ് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി റോഡ്സുരക്ഷാ നിയമങ്ങളുടെയും ചിഹ്നങ്ങളുടെയും പ്ലക്കാർഡ് നിർമ്മാണവും പ്രദർശനവും | | |
| ഉപഭോക്താവിന്റെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്<br><br>കേരളത്തിൻ്റെ ഭൂപ്രകൃതി വിഭാഗങ്ങൾ, മണ്ണിനങ്ങൾ എന്നിവ നമ്മുടെ ജനജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയുന്നതിന് | ◇ ഉപഭോക്തൃ നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ഉപഭോക്തൃ കോടതികളുടെ പ്രവർത്തനങ്ങൾ ക്ലാസ്സിൽ റോൾപ്ലേ ആയി അവതരിപ്പിക്കുകയും ചെയ്യുന്നു. (HS)<br>◇മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയുടെ മാതൃക നിർമ്മിക്കുകയും വിവിധയിനം മണ്ണ് ശേഖരിക്കുകയും ചെയ്യുന്നു<br>◇സൗരയൂഥത്തിന്റെ പ്രവർത്തനമാതൃകയും നിശ്ചല മാതൃകയും നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു | ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന്<br><br>ഗ്രാമസഭ യോഗങ്ങളിൽപങ്കെടുത്ത് പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് | ◇ഭരണഘടന വാരാഘോഷത്തിന്റെ ഭാഗമായി സോഷ്യൽസയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഭരണഘടന രൂപീകരണത്തിന്റെ ചരിത്രവും ഇന്ത്യൻ ഭരണഘടയുടെ സവിശേഷതകളും എന്ന വിഷയത്തിൽ അസൈൻമെന്റ് തയ്യാറാക്കുന്നു<br>◇ ഫീൽഡ് ട്രിപ്പും റോൾ പ്ലേയും- ഗ്രാമസഭയോഗത്തിൽ പങ്കെടുത്ത് അത് മനസ്സിലാക്കുകയും ക്ലാസ്സിൽ അതിന്റെ റോൾ പ്ലേ നടത്തുകയും ചെയ്യുന്നു | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| ബാങ്കിംഗ് ഇടപാടുകളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്<br>നാടിന്റെ ചരിത്രം | ◇ബാങ്കിംഗ് ഇടപാടുകൾ നേരിട്ട് മനസ്സിലാക്കുന്നതിനായി ബാങ്ക് സന്ദർശിക്കുകയും ബാങ്ക് ജീവനക്കാരുമായി സംവദിക്കുകയും ചെയ്യുന്നു | ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| അറിയുകയും പ്രാദേശിക ചരിത്രരചനയിൽ പങ്കാളിയാവുകയും ചെയ്യുന്നതിന് | ◇പ്രാദേശിക ചരിത്രരചന - കുട്ടികൾ അവരുടെ ഗ്രാമങ്ങളിലെ ചരിത്രപ്രാധാന്യമേറിയ പ്രദേശങ്ങൾ സന്ദർശിച്ച് പ്രാദേശിക ചരിത്രം തയ്യാറാക്കുന്നു | | |
| മൂല്യനിർണയ പ്രവർത്തനങ്ങൾ | റിവിഷൻ പ്രവർത്തനങ്ങൾ | മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

അക്കാദമിക മാസ്റ്റർ പ്ലാൻ -മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | * അക്ഷരം ഉറപ്പിക്കൽ,<br>* ചിത്ര വായന, ആശയസമ്പന്ന മായ വായന<br>* അവധിക്കാല അനുഭവങ്ങൾ പങ്കുവെച്ച് സുഹൃത്തിന് കത്തെഴുതുക<br>* വായനക്കുറിപ്പ് പതിപ്പ് | ജൂൺ | മലയാളം അധ്യാപകർ | - |
| കുട്ടിയെ മികച്ച വായനക്കാരി ആക്കുക | * സാഹിത്യകാരനായിട്ടുള്ള അഭിമുഖം<br>* ബഷീർ ദിന പരിപാടികളുടെ റിപ്പോർട്ട് തയ്യാറാക്കുക<br>* പരിസ്ഥിതി പ്രമേയമായി വരുന്ന പുസ്തക പ്രദർശനം | ജൂലൈ | മലയാളം ക്ലബ്ബ് | |
| കുട്ടിയെ മികച്ച എഴുത്തുകാരിയാക്കുക | *ഭാഷ:- പ്രോജക്ട് എഴുത്തച്ഛൻ കൃതികളിലെ ഭാഷാപരമായ സവിശേഷത<br>* ചുവർ പത്രിക - സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട്<br>* ഡിജിറ്റൽ പത്രം | ഓഗസ്റ്റ് | മലയാള അധ്യാപകർ | |
| അഭിനയ ശേഷി വളർത്തുക | * നാടക കളരി- ശില്പശാല<br>* തെരുവ് നാടകം ( ലഹരി<br>* ഏകാഭിനയം | സെപ്റ്റംബർ | മലയാളം ക്ലബ്ബ് | |
| സംസ്കാരത്തെക്കുറിച്ച് കൂടുതൽ അറിവ് നേടൽ | * കേരളീയ കലകളും സാംസ്കാരിക വളർച്ചയും- സെമിനാർ<br>* വ്യത്യസ്ത കലകളെ പരിചയപ്പെടൽ<br>* നാട്ടറിവ് ശേഖരിക്കൽ | ഒക്ടോബർ | മലയാള അധ്യാപകർ | |
| ദേശസ്നേഹം വളർത്തൽ | * കേരളപ്പിറവി ഗാനം (സ്കൂളിലെ മുഴുവൻ കുട്ടികളും ചേർന്ന് )<br>* ഭാഷാഭേദം തിരിച്ചറിയൽ<br>* നിഘണ്ടു<br>* എന്റെ നാട് -പ്രോജക്ട് | നവംബർ | മലയാളം ക്ലബ്ബ് | |
| സദസ്സിനെ അഭിമുഖീകരിക്കാൻ കുട്ടിയെ പ്രാപ്തയാക്കുക | * പ്രസംഗ പരിശീലന കളരി<br>* പ്രസംഗം മത്സരം ( ക്ലാസ്സ് അടിസ്ഥാനം )<br>* മികച്ച പ്രാസംഗികരെ പരിചയപ്പെടുത്തൽ | ഡിസംബർ | ഭാഷാധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭാവനശേഷി വർദ്ധിപ്പിക്കൽ | * തിരക്കഥാ രചന<br>* ടെലിഫിലിം നിർമ്മാണം<br>* റീൽസ് നിർമ്മാണം | ജനുവരി | മലയാളം ക്ലബ്ബ് | |
| സാഹിത്യാഭി രുചി | * കഥാ രചന | ഫെബ്രുവരി | മലയാള | |

| | | | | |
|---|---|---|---|---|
| വളർത്തുക | * കവിതാ രചന<br>* നാടക രചന | | അധ്യാപ<br>കർ | |
| എഴുത്തിലുള്ള<br>മികവ്<br>വർദ്ധിപ്പിക്കുക | * ആസ്വാദനക്കുറിപ്പ്<br>*ഉപന്യാസം<br>* വർണ്ണന | മാർച്ച് | | |

ACADEMIC MASTER PLAN 2025-26
ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥിനികളുടെ<br>Listening skill<br>ശ്രദ്ധ നൈപുണി പരിശോധിക്കൽ | **<u>Hello FM</u>**<br>സ്കൂൾ തല വാർത്തകൾ ക്ലാസ് അടിസ്ഥാനത്തിൽ തയ്യാറാക്കി ശബ്ദരേഖയായി അവതരിപ്പിക്കുന്നു(UP& HS) | June | | English club |
| Writing Skill<br>തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | **<u>Budding Writers</u>**<br>അവധിക്കാലത്ത് വായിച്ച് പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ(HS) | June | English teachers | |
| Reading Skill<br>ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് വായിക്കാൻ പ്രാപ്തരാക്കുന്നു | **<u>Reading Star</u>**<br>ഓരോ ആഴ്ചയും ക്ലാസ് റൂമുകളിൽ നന്നായി വായിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നു( UP& HS) | June | | |
| Speaking Skill<br>ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കുന്നു | **<u>Meet the Orator</u>**<br>ബർണാഡ് ഷാ ദിനത്തോടനുബന്ധിച്ച് പ്രസംഗം സംഘടിപ്പിക്കുന്നു( UP & HS) | July | | |
| Listening skill | **<u>A word a day</u>**<br>പുതിയ പദങ്ങൾ പരിചയപ്പെടുത്തുന്നു.(UP & HS) | | | |
| Writing Skill | **<u>RAIN ,RAIN COME AGAIN</u>**<br>മഴക്കാല അനുഭവം കവിത കഥ തുടങ്ങിയ സൃഷ്ടികളിലൂടെ അവതരിപ്പിക്കുന്നു(UP & HS) | July | | |
| Reading skill | **<u>Freedom fighters at a Glance</u>**<br>സ്വാതന്ത്ര്യസേനാനികളെ കുറിച്ചുള്ള പ്രൊഫൈൽ പരിചയപ്പെടുത്തുന്നതിന് അവസരം നൽകുന്നു | July | | |
| Speaking Skill | **<u>Igniting Minds</u>**<br>സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് പ്രസംഗം മത്സരം നടത്തുന്നു(UP& HS) | August | | |
| Writing Skill | **<u>Your Attention Please</u>**<br>സ്വാതന്ത്ര്യ ദിന പരിപാടികളുടെ നോട്ടീസ് തയ്യാറാക്കുന്നു(UP& HS) | August | | |

| | | | | |
|---|---|---|---|---|
| Vocabulary building | **<u>Spread the Carpet</u>**<br>വിതറിയ അക്ഷരങ്ങൾ ഏകോപിപ്പിച്ച് അർത്ഥവത്തായ വാക്കുകൾ നിർമ്മിക്കുന്നു(UP) | August<br>September | | |
| Degrees of Comparison | Conditional Sentences Type 1,2,3 അനുസരിച്ച് കാർപെറ്റിൽ നിറയ്ക്കുന്നു (HS) | September | | |
| | **<u>Find my Babies</u>**<br>കങ്കാരു വേർഡ്സ് നൽകി അതിൽ നിന്നും അർത്ഥവത്തായ വാക്കുകൾ കണ്ടെത്തുന്നു(UP& HS) | September | | |
| | **<u>Hot..Hotter…Hottest</u>**<br>കുറച്ച് അഡ്ജക്റ്റീവ് നൽകി ലാംഗ്വേജ് ഗെയിമിലൂടെ ഡിഗ്രി ഓഫ് കമ്പാരിസൺ പരിചയപ്പെടുത്തുന്നു(UP& HS) | October | | |
| | **<u>TAG ME IF YOU CAN</u>**<br>ക്വസ്റ്റ്യൻ ടാഗ് ഉപയോഗിച്ചുകൊണ്ടുള്ള Role play സംഘടിപ്പിക്കുന്നു | October | | |
| Speaking Skill | | October | | |
| | **<u>Choose my Family</u>**<br>ലാംഗ്വേജ് ഗെയിമിലൂടെ Verb Forms തിരിച്ചറിയാൻ സഹായിക്കുന്നു | | | |
| Familiarise famous quotes | **<u>A quote a Day</u>**<br>മഹത് വ്യക്തികളുടെ വചനങ്ങൾ ഓരോ ദിവസവും കണ്ടെത്തി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു | November<br>November | | |
| | **<u>Expand your ideas</u>**<br>മഹത് വചനങ്ങൾ കണ്ടെത്തി കുട്ടികൾ അതിനെ കുറിച്ചുള്ള ആശയങ്ങൾ അവതരിപ്പിക്കുന്നു(HS) | November | | |
| | **<u>Cross with Care</u>**<br>ട്രാഫിക് സിഗ്നൽ പോസ്റ്റിൽ ഉചിതമായ പ്രൊപ്പോസിഷൻസ് എഴുതി സ്ഥാപിക്കുന്നു | December | | |
| Familiarise Prepositions | **<u>Pocket Dictionary</u>**<br>പരിചയപ്പെട്ട പുതിയ പദങ്ങളും അർത്ഥങ്ങളും പ്രയോഗങ്ങളും ഡിക്ഷണറി രൂപത്തിൽ തയ്യാറാക്കുന്നു(UP& HS) | | | |
| Vocabulary | | December | | |

| | | | | |
|---|---|---|---|---|
| Enrichment<br><br><br><br>Creative Writing<br><br><br><br>Speaking Skill<br><br><br><br><br><br>Creative Writing<br><br><br>Phrasal Verbs<br><br><br><br><br><br><br>LSRW<br><br><br><br><br>LSRW | **<u>Jingle Bells</u>**<br>ഗ്രീറ്റിംഗ് കാർഡ് Wishes തയ്യാറാക്കുന്നു<br><br>**<u>Letter to Santa</u>**<br>സാന്താക്ലോസിന് ലെറ്റർ എഴുതുന്നു<br><br>**<u>Show Time</u>**<br>അനുദിന ജീവിതത്തിലെ വിവിധ സാഹചര്യങ്ങൾ വിഷയങ്ങളാക്കി നൽകി ഷോർട്ട് സ്കിറ്റുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു(UP& HS)<br><br>**<u>Flash back</u>**<br>പിന്നിട്ട വർഷത്തിലേക്ക് ഒരു എത്തിനോട്ടം കുറിപ്പ് തയ്യാറാക്കുന്നു<br><br>**<u>Pick me out</u>**<br>ലാംഗ്വേജ് ഗെയിം നൽകി Phrasal Verb പരിചയപ്പെടുത്തുന്നു(UP& HS)<br><br>**<u>Pages of Possibility</u>**<br>മാഗസിൻ തയ്യാറാക്കുന്നു(HS)<br><br>Journal തയ്യാറാക്കുന്നു(UP)<br><br>Literary Quiz<br><br>പാഠപുസ്തകത്തിലൂടെ പരിചയപ്പെട്ട Authors, Poets എന്നിവരെക്കുറിച്ച് Literary quiz സംഘടിപ്പിക്കുന്നു (UP&HS)<br><br>**<u>WORD CARNIVAL</u>**<br><br>English Fest സംഘടിപ്പിക്കുന്നു(UP&HS) | December<br><br><br>January<br><br><br>January<br><br><br>January<br><br>February<br><br>February<br><br>February<br><br><br>March | | |

**ACADEMIC MASTER PLAN 2025-26**
**MATHS**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • ആശയധാരണ കൈവരിക്കൽ<br>• അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു.<br>• നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | • ചോദ്യാവലി UP & HS<br>• ഗണിത ശില്പശാല UP നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ലാഷ് കാർഡ് തുടങ്ങിയവ ഉപയോഗിക്കുന്നു<br>• ജ്യാമിതി പെട്ടിയുടെ ഉപയോഗം<br>• ഗണിത പാർക്ക് | ജൂൺ | Maths Teachers |
| • ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ<br>• ഗണിതാശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ എന്നിവ പരിചയപ്പെടുത്തൽ | • ഫീൽഡ് ട്രിപ്പ് - ഗണിത രൂപങ്ങളുടെ പഠനം പാർക്കുകളിലൂടെ UP<br>• ഗണിത ശില്പശാല HS<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ജൂലൈ | |
| • രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും | • ഒറിഗാമി ശില്പശാല UP<br>• ഗണിത സവിശേഷതകൾ കണ്ടെത്തുന്നു പട്ടികപ്പെടുത്തി പ്രദർശിപ്പിക്കുന്നു<br>• സംഘബോധം ഉണ്ടാക്കലും സംഘ പഠനവും | ആഗസ്റ്റ് | |
| • ഗണിത പഠന പ്രവർത്തനം സുഗമമാക്കുന്ന പ്രവർത്തനങ്ങൾ<br>• രക്ഷിതാക്കളെ ബോധവൽക്കരിക്കൽ,ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | • ഗണിത ലാബ് സജ്ജമാക്കൽ<br>• ബോധവൽക്കരണ ക്ലാസ്<br>• ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | സെപ്റ്റംബർ | |
| • ഗണിതശാസ്ത്രമേളയ്ക്കായുള്ള തയ്യാറെടുപ്പ് | • ജാമിതീയ ചാർട്ട് പ്രദർശനം<br>• സ്റ്റിൽ മോഡൽ വർക്കിംഗ് മോഡൽ പ്രദർശനം<br>• നമ്പർ ചാർട്ട് ഗെയിംസ് മത്സരം<br>• പസിൽ കിസ് മത്സരം | ഒക്ടോബർ | |

| | | | |
|---|---|---|---|
| • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | • റെമഡിയിൽ ടീച്ചിംഗ്<br>• ഗണിത ക്ലിനിക്ക്<br>• ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗം നിർദ്ദേശങ്ങൾ നൽകുന്നു .പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | നവംബർ | |
| • വിവിധ ശേഷികളുടെ വികസനം | • ദിനാചരണം<br>• ജിയോജിബ്ര പ്രവർത്തനം<br>• Maths Tricks and Tips | ഡിസംബർ | |
| • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | • Remedial Teaching<br>• Bridge Course<br>• വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠസൂത്രണം എന്നീ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | ജനുവരി | |
| • ഗണിതം ആസ്വാദ്യകരമാക്ക ◌ാൻ | • റിവിഷൻ<br>• കുട്ടികൾ തയ്യാറാക്കുന്ന ക്വസ്റ്റ്യൻ ബാങ്ക്<br>• ഗണിത അസംബ്ലി<br>• ചോദ്യോത്തരം പയറ്റ് | ഫെബ്രുവരി | |
| • ഗണിത പഠന ലക്ഷം ഉറപ്പിക്കൽ | • പഠനോല്പന്ന പ്രദർശനം<br>• മാഗസിൻ<br>• പഠനോത്സവം | മാർച്ച് | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഹിന്ദി

പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പിക്കുക
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവുമായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

| ലക്ഷ്യം | പ്രവർത്തനം | മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ അക്ഷര ബോധം ഉറപ്പിക്കൽ<br><br>ഉച്ചാരണ ശുദ്ധി വരുത്തൽ | *പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുന്നു . (യുപി)<br><br>*ചിത്രങ്ങൾ അക്ഷരമാല ചാർട്ട് എന്നിവ കാണിക്കുന്നു (യുപി)<br><br>* അക്ഷരമാല കാർഡുകൾ കൊടുത്ത് അക്ഷരങ്ങൾ ഉറക്കെ വയിപ്പിക്കുന്നു (HS) | ജൂൺ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ് |
| ഹിന്ദി തെറ്റ് കൂടാതെ വായിപ്പിക്കാനുള്ള ശ്രമം<br><br>രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | *ഹിന്ദി ചിത്ര കഥകൾ കാണിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുന്നു (യുപി)<br><br>*കഥാ വായന ,കവിത വായന എന്നിവയ്ക്ക് അവസരം കൊടുക്കുന്നു (HS)<br><br>*ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു (HS) | ജൂലൈ | ഹിന്ദി അധ്യാപകർ | |
| ചിത്രങ്ങൾ കാണിച്ച അത് തിരിച്ചറിഞ്ഞ് ഹിന്ദിയിൽ എഴുതാനുള്ള ശ്രമം<br><br>ഹിന്ദി അക്കങ്ങൾ ആഴ്ചകൾ മാസങ്ങളുടെ | *ഐസിടി വഴി പഠനപ്രവർത്തനത്തിനുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു (യു പി)<br><br>*വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു(യുപി) | ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പേരുകൾ എന്നിവ പരിചയപ്പെടുത്തുന്നു | *ഹിന്ദി കലണ്ടർ നിർമ്മിക്കുന്നു(HS) | | | |
| *തെറ്റ് കൂടാതെ ഹിന്ദിയിൽ ചെറിയ വാക്കുകൾ വായിപ്പിക്കാനുള്ള ശ്രമം<br><br>* മാതൃഭാഷയെ പോലെ ഹിന്ദി നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു | *പാഠപുസ്തകവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ ,നോവലുകൾ ,സിനിമകൾ എന്നിവ കാണുവാനുള്ള അവസരം നൽകുന്നു (HS)<br><br>*കഥ കവിത തിരക്കഥ എന്നിവ എഴുതാനുള്ള അവസരം നൽകുന്നു(HS)<br><br>*വാക്കുകൾ എഴുതി ചാർട്ട് പ്രദർശിപ്പിക്കുന്നു(യുപി | സെപ്തംബർ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുന്നു<br><br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു | *ക്ലാസുകളിൽ പരമാവധി ഹിന്ദി മാത്രം ഉപയോഗിക്കും (യുപി)<br><br>* കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ. ചോദിക്കാൻ പ്രോത്സാഹനം നൽകുന്നു (യുപി)<br><br>* ചിത്ര കഥ കാർട്ടൂൺ എന്നിവ വായനക്കായി നൽകുന്നു (HS) | ഒക്ടോബർ | ഹിന്ദി അധ്യാപകർ | |
| നാമം, സർവനാമം,വിശേഷണം എന്നിവ മനസ്സിലാക്കുന്നു<br><br>കവിതയിൽ കൂടുതൽ വരികൾ കൂട്ടിച്ചേർക്കാനും സ്വന്തമായി കഥ, കവിത എഴുതാനുമുള്ള പരിശീലനം നൽകുന്നു | * പാഠ ഭാഗങ്ങളിലെ നാമം സർവ്വനാമം ,വിശേഷണം എന്നിവ കണ്ടെത്തി എഴുതാൻ കൊടുക്കുന്നു (HS)<br><br>* സ്വന്തമായി ഇത്പോലെ എഴുതാൻ പരിശീലനം നൽകുന്നു (HS)<br><br>* വരികൾ കൂട്ടിച്ചേർക്കാനുള്ള കഥകൾ കവിതകൾ എന്നിവ നൽകും (യുപി) | നവംബർ | ഹിന്ദി അധ്യാപകർ | |
| കഥ, കവിത, എന്നിവ തെറ്റ് കൂടാതെ വായിക്കുവാനുള്ള പരിശീലനം നൽകുന്നു<br><br>പോസ്റ്റുകൾ തയ്യാറാക്കുന്നു | * സ്വന്തമായി രചനയ്ക്കുള്ള വിഷയം കുട്ടികൾക്ക് നൽകി പരിശീലനം നൽകുന്നു (യുപി)<br><br>* കവിതകൾ കൂടുതൽ വരികൾ കൂട്ടിച്ചേർക്കാൻ ഉള്ള അവസരം നൽകുന്നു (യുപി)<br><br>* പോസ്റ്റുകൾ തയ്യാറാക്കാനുള്ള | ഡിസംബർ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | അവസരം നൽകുന്നു.(HS) | | | |
| വായനയിൽ അഭിരുചി വർദ്ധിപ്പിക്കുന്നു | * ഹിന്ദി മാസികകൾ പത്രങ്ങൾ എന്നിവ വായിക്കാനുള്ള അവസരം നൽകുന്നു (യുപി )<br><br>* ഹിന്ദി ചിത്ര കഥ ,ചെറു കഥ എന്നിവ വായിക്കാനുള്ള അവസരം നൽകുന്നു (യുപി)<br><br>ഹിന്ദി ലൈബ്രറി തയ്യാറാക്കുന്നു (HS) | ജനുവരി | ഹിന്ദി അധ്യാപകർ | |
| ഹിന്ദിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം കൊടുക്കുന്നു | *കേട്ടെഴുത് പദസൂര്യൻ,പ്രശ്നോത്തരി എന്നിവ നൽകുന്നു. (HS & UP)<br><br>*ചെറു കഥകൾ , കവിതകൾ എന്നിവ വായനയ്ക്ക് നൽകുന്നു. (HS & UP)<br><br>*വർക്ക്ഷീറ്റുകൾ നൽകുന്നു | ഫിബ്രവരി | ഹിന്ദി അധ്യാപകർ | |

# കായിക മേഖല അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസം, കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു, ഒപ്പം മൂല്യങ്ങൾ വളർത്താൻ സഹായിക്കുന്നു | ടേർണിങ്ങ്സ്, റൈറ്റ് ടേൺ, ലെഫ്റ്റ് ടേൺ, എബൗട്ട് ടേൺ, മാർച്ചിംഗ്, ഫ്രീ ഹാൻഡ് എക്സർസൈസ്, | ജൂൺ | കായിക അധ്യാപകർ | 2000 |
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം കഴിവിനെ കണ്ടെത്താനും സഹായിക്കുന്നു | കുട്ടികളുടെ ഹൃദയ ശ്വസന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ എയ്റോബിക്സ്, ചെസ്സ്, ബാഡ്മിന്റൺ, ലൂഡോ, ക്യാരംസ്, യോഗ എന്നിവ പരിശീലിപ്പിക്കുന്നു | ജൂലൈ | അധ്യാപകർ, കായിക അദ്ധ്യാപകൻ | 2000 |
| സഹകരണം, കൂട്ടായ്മ പങ്കുവയ്ക്കൽ, എന്നിവ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു | സ്കൂൾതല മത്സരങ്ങൾക്ക് തയ്യാറെടുപ്പ്, ഗെയിംസ് സെലക്ഷൻ, ബാഡ്മിന്റൺ എന്നിവ നടത്തുന്നു | ഓഗസ്റ്റ് | കായിക അധ്യാപകർ | 1000 |
| കുട്ടികളുടെ കായിക ശേഷി കണ്ടെത്തുന്നു, കൂട്ടായ്മ, മാനസിക, സമ്മർദ്ദം, വിട്ടുവീഴ്ച മനോഭാവം എന്നിവ പ്രോത്സാഹിപ്പിക്കുന്നു | ഫുട്ബോൾ പരിശീലനം, കബഡി ബാസ്കറ്റ്ബോൾ എന്നിവയ്ക്ക് പ്രത്യേകം പരിശീലനം നൽകുന്നു | സെപ്റ്റംബർ | അദ്ധ്യാപകർ, കായിക അധ്യാപകർ | 2000 |
| എല്ലാ കളികളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നു, ജയ പരാജയങ്ങളെ മനസ്സിലാക്കാൻ സഹായിക്കുന്നു | ബാസ്കറ്റ്ബോൾ, വോളിബോൾ എന്നിവ പരിശീലനം നൽകുന്നു അതിന്റെ നിയമങ്ങളെക്കുറിച്ച് പഠിപ്പിക്കുന്നു | ഒക്ടോബർ | കായിക അധ്യാപകർ | 1000 |
| കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു, മറ്റു കുട്ടികളെ പ്രോത്സാഹിപ്പിക്കു | സ്കൂൾ സ്പോർട്സിന് വേണ്ടി സെലക്ഷൻ നടത്തുന്നു, കായികമേളകൾക്ക് | നവംബർ | കായിക അധ്യാപകർ, | 2000 |

| | | | | |
|---|---|---|---|---|
| ന്നു | വേണ്ടി കുട്ടികളെ സജ്ജരാക്കുന്നു | | | |
| കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നു,കു ട്ടികളുടെ കഴിവിനെ പരിപോഷിപ്പിക്കു ന്നു | കൊക്കോ,സോ ഫ്റ്റ് ബോൾ, ക്രിക്കറ്റ് എന്നിവ പരിശീലനം നൽകുന്നു,മൈന ർ ഗെയിംസ് കുട്ടികൾക്ക് പരിശീലനം നൽകുന്നു | ഡിസംബർ | കായിക അദ്ധ്യാപകൻ | 2000 |
| കുട്ടികളുടെ ഫിറ്റ്നസിന് പ്രാധാന്യം നൽകുന്നു | സുബ, ടെന്നി കൊയ്റ്റ്,ഹോക്കി എന്നിവ പരിശീലനം നൽകുന്നു | ജനുവരി | കായിക അധ്യാപകർ | 3000 |
| എന്തെങ്കിലും അപകട സംഭവിച്ചാൽ സ്വയം വിലയിരുത്താനും ഭയം ഒഴിവാക്കുന്നതിനും വേണ്ട കഴിവ് ലഭിക്കുന്നു | മൈനർ ഗെയിംസ് പരിശീലിപ്പിക്കുന്നു ,ഫസ്റ്റ് എയ്ഡിനെ കുറിച്ച് ബോധവൽക്കര ണം നടത്തുന്നു | ഫെബ്രുവരി | അധ്യാപകർ, കായിക അദ്ധ്യാപകൻ | 1000 |
| കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നു, മാനസിക സമ്മർദ്ദം കുറയ്ക്കുന്നു, കൂട്ടായ്മ, പങ്കുവെക്കൽ എന്നീ ഗുണങ്ങൾ കുട്ടികൾക്കുണ്ടാകു ന്നു | അടുത്ത അധ്യയന വർഷത്തിലേക്കു ള്ള കുട്ടികളെ സെലക്ഷൻ നടത്തുന്നു, എല്ലാ ഗെയിമുകളിലേക്കു ം വേനലവധി പരിശീലനത്തിന് വേണ്ടി കുട്ടികളെ സെലക്ട് ചെയ്യുന്നു | മാർച്ച് | കായിക അദ്ധ്യാപകൻ | 2000 |

**കലാവിദ്യാഭ്യാസം അക്കാദമിക മാസ്റ്റർ പ്ലാൻ** 2025-26

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഗീതം, ചിത്രകല | ജലച്ചായ ക്യാമ്പ് പെൻസിൽ ഡ്രോയിങ് ചിത്രകാരനെ പരിചയപ്പെടുത്തൽ ലോക സംഗീത ദിനം,രാഗ പരിചയം | ജൂൺ | കലാ അധ്യാപകർ | 1000 |
| ചിത്രകല | ശില്പശാല, ഫാബ്രിക് പെയിൻറിംഗ് വെജിറ്റബിൾ പ്രിന്റിംഗ് ക്ലേ മോഡലിംഗ് | ജൂലൈ, ഓഗസ്റ്റ് | കലാ അധ്യാപകർ | 1500 |
| ചിത്രകല | കളർ പെൻസിൽ രചന ചിത്രബോധം സൃഷ്ടിക്കൽ നേർക്ക്നേർ ചിത്രീകരണം | സെപ്റ്റംബർ | കലാ അദ്ധ്യാപകൻ | 1000 |
| ചിത്രകല | ആർട്ട് ഗാലറി നിർമ്മാണത്തിന് ആവശ്യമായ ചിത്രങ്ങൾ തയ്യാറാക്കൽ പെൻസിൽ ഡ്രോയിങ് ഓയിൽ പെയിൻറിങ് പെയിൻറിങ് ജലച്ചായം പരിശീലനം | ഒക്ടോബർ | കലാ അധ്യാപകർ | 2000 |
| സംഗീതം, അഭിനയം | നാടക കളരി പാട്ട് പരിചയം പാട്ടുകാരനെ പരിചയപ്പെടുത്തൽ | നവംബർ | കലാ അദ്ധ്യാപകൻ | 2000 |
| ചിത്രകല | ജലച്ചായ ക്യാമ്പ് ചിത്രകാരനെ പരിചയപ്പെടുത്തൽ | ഡിസംബർ | കലാ അധ്യാപകർ | 1000 |
| ചിത്രകല | ശില്പ നിർമ്മാണ ക്യാമ്പ് ശില്പിയെ പരിചയപ്പെടുത്തൽ കുട്ടികൾക്ക് രചന അവസരം | ജനുവരി | കലാ അദ്ധ്യാപകൻ | 2000 |
| അഭിനയം | ഷോട്ട് വീഡിയോ നിർമ്മാണ | ഫെബ്രുവരി | കലാ അധ്യാപകർ, | 2500 |

| | | | | |
|---|---|---|---|---|
| | ക്ലാസ്,ഷോർട്ട് വീഡിയോ നിർമ്മാണം | | പിടിഎ | |
| ചിത്രകല | ആർട്ട് ഗ്യാലറി ഒരുക്കൽ, ചിത്രപ്രദർശനം, | മാർച്ച് | കലാ അധ്യാപകർ, പിടിഎ, പൂർവ വിദ്യാർത്ഥികൾ | 5000 |

# ഉപസംഹാരം

സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പ്രക്രിയ വിദ്യാർത്ഥികളുടെ ശൈക്ഷണിക പുരോഗതിയും അധ്യാപനത്തിന്റെ ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിലേക്കുള്ള ഒരു വലിയ ചവിട്ടു പടിയായിരുന്നു. സ്കൂളിൻ്റെ ആകെ പഠനാന്തരീക്ഷം, അധ്യാപകരുടെ സജ്ജത, വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന അഭിരുചികളും പ്രാപ്തികളും, ആവശ്യങ്ങളുമെല്ലാം പരിഗണിച്ചു കൊണ്ടായിരുന്നു ഈ മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയത്.

പരിഷ്കരിച്ച പഠന സാങ്കേതികതകൾ, അധ്യാപന രീതികൾ, എന്നിവ പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് വേണ്ടിയുള്ള സഹപാഠ പ്രവർത്തനങ്ങൾക്കും പാഠ്യേതര പ്രവർത്തനങ്ങൾക്കും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രത്യേകം ഊന്നൽ നൽകി.പദ്ധതിയുടെ വിജയകരമായ പ്രാവർത്തികരണത്തിന് എല്ലാ അധ്യാപകരുടെയും മാതാപിതാക്കളുടെയും സഹകരണം നിർണായകമായി തുടരുന്നതാണ്. നിലവിലുള്ളതിൽ നിന്ന് ഉന്നത തലങ്ങളിലേക്കുള്ള വിദ്യാഭ്യാസ യാത്രയാകട്ടെ ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. അങ്ങനെ സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും പ്രാവർത്തികരണവും വഴിയായി ഒരു വിദ്യാർത്ഥി കേന്ദ്രീകത വിദ്യാഭ്യാസ സംസ്കാരത്തിൻറെ അടിത്തറ ലക്ഷ്യമാക്കി മുന്നോട്ടു പോവുകയാണ് ടീം സെൻ്റ് മേരീസ്.

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിക്കാൻ നിർദ്ദേശങ്ങളും പങ്കാളിത്തവുമൊരുക്കിയ വിദ്യാഭ്യാസ വകുപ്പ്, ഹെഡ്മിസ്ട്രസ്, HS & UP കൺവീനർമാർ, അധ്യാപക സംഘം, സ്കൂൾ മാനേജ്മെൻറ്, മാതാപിതാക്കൾ,വിദ്യാർത്ഥികൾ, കവർ ഡിസൈൻ & പ്രിൻറിംഗ് ചെയ്യാൻ സഹായിച്ച എന്നിവർക്ക് സ്കൂൾ എല്ലാവിധത്തിലുള്ള നന്ദിയും രേഖപ്പെടുത്തുന്നു.